**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1039** **18-09-2025 - ൽ മറുപടിയ്ക്ക്**

**മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ സൗരോർജ്ജ തൂക്കുവേലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡ് സഹായത്തോടെ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വെളിപ്പെടുത്തുമോ; | (എ) | എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡ് സഹായത്തോടെ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിവരങ്ങൾ ഡിവിഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>**മലയാറ്റൂർ ഡിവിഷൻ**<br><br>മലയാറ്റൂർ വനം ഡിവിഷനു കീഴിൽ കോടനാട് റെയ്ഞ്ചിൽ നബാർഡ് സ്കീമിൽ 30 കി.മീ സോളാർ ഹാങ്ങിംഗ് ഫെൻസിംഗ് ചെയ്യുന്ന പ്രവൃത്തിയിൽ 2.6 കി.മീ ദൂരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും, 5.7 കി.മീ ദൂരത്തിലെ പ്രാഥമിക പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br><br>**ചാലക്കുടി ഡിവിഷൻ**<br><br>ചാലക്കുടി ഡിവിഷനു കീഴിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡ് സ്കീമിൽ 18 കി.മീ സോളാർ ഹാങ്ങിംഗ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയിൽ 6 കി.മീ (അത്തൂർമുഴി അമ്പലം മുതൽ പിള്ളപ്പാറതോട് വരെ) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തുമ്പൂർമുഴി മുതൽ പിള്ളപ്പാറ പാർക്കിംഗ് ഷെഡ് വരെയുള്ള 12 കി.മീ പൂർത്തീകരിക്കുന്നതിന് ടി പ്രദേശങ്ങളിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>**വാഴച്ചാൽഡിവിഷൻ**<br><br>വാഴച്ചാൽ ഡിവിഷനു കീഴിൽ നബാർഡ് സ്കീമിൽ അതിരപ്പിള്ളി റെയിഞ്ചിൽ 60 കി.മീ ദൂരത്തിൽ സോളാർ ഹാങ്ങിംഗ് ഫെൻസിംഗ് സ്ഥാപിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | അതിരപ്പിള്ളി റെയ്ഞ്ചിലെ ഏഴാറ്റുമുഖം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ നെല്ലിപ്പോക്കറ്റ് മുതൽ മുനിത്തടം വരെയുള്ള 10 കി.മീ ദൂരത്തിൽ അടിക്കാടുകൾ നീക്കം ചെയ്ത് ബേസ് പോസ്റ്റുകൾ സ്ഥാപിക്കുകയും അതിൽ 4.5 കി.മീ ദൂരം സോളാർ ഹാങ്ങിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്ന ജോലികൾ പൂർത്തികരിച്ചിട്ടുള്ളതുമാണ്. |
| (ബി) | സൗരോർജ്ജ തൂക്കുവേലി ഓരോ ഡിവിഷന് കീഴിലും എത്ര ദൂരമാണ് സ്ഥാപിക്കുന്നതെന്നും നിലവിൽ ഓരോ ഡിവിഷനുകളിലും എത്ര ദൂരം സ്ഥാപിച്ചുവെന്നും അറിയിക്കുമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) | മലയാറ്റൂർ ഡിവിഷനിലെ പ്രവൃത്തികൾ 2026 ഏപ്രിൽ മാസത്തിലും ചാലക്കുടി ഡിവിഷനിലെ പ്രവൃത്തികൾ 2026 മെയ് മാസത്തിലും വാഴച്ചാൽ ഡിവിഷനിലെ പ്രവൃത്തികൾ 2026 സെപ്റ്റംബർ മാസത്തിലും പൂർത്തീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ഡിവിഷൻ | ഇനം | സ്ഥാപിക്കുവാനുള്ള ദൂരം | സ്ഥാപിച്ച ദൂരം |
|---|---|---|---|
| മലയാറ്റൂർ | | 30 കി.മീ | 2.6 കി.മീ പൂർത്തീകരിച്ചു. 5.7 കി.മീ പ്രാഥമിക പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് |
| ചാലക്കുടി | | 18 കി.മീ | 6.കി.മീ |
| വാഴച്ചാൽ | സൗരോർജ്ജ തൂക്കുവേലി | 60 കി.മീ. | 4.5 കി.മീ പൂർത്തീകരിച്ചിട്ടുള്ളതും, 10 കി.മീ ദൂരത്തിൽ പ്രാഥമിക പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |